# പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:462 — 04/07/2012 - ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ:<br>,, ലൂഡി ലൂയിസ്:<br>,, കെ. മുരളീധരൻ:<br>,, ഹൈബി ഈഡൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (എ)<br>1. ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിലേയ്ക്കായി NFWF പദ്ധതി പ്രകാരം വീടൊന്നിന് 50,000 രൂപ വീതം (50% കേന്ദ്ര സഹായ പദ്ധതി) 2012-13 ബജറ്റിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>2. ഭവന രഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടു വെച്ചു നൽകുന്നതിനായി രണ്ടു ലക്ഷം രൂപ വീതം 500 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്ന സംസ്ഥാന പദ്ധതിയ്ക്ക് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>3. 13-ാം ധനകാര്യ കമ്മീഷന്റെ പദ്ധതിയിലുൾപ്പെടുത്തി മാതൃകാ മത്സ്യഗ്രാമ പദ്ധതിക്കായി ആദ്യഗഡുവായി 50 കോടി രൂപ 2011-12-ൽ വകയിരുത്തിയത് ജില്ലകൾക്ക് |

അനുവദിച്ചു നൽകിയിട്ടുണ്ട്. 11 മത്സ്യഗ്രാമങ്ങളിൽ വീടൊന്നിന് 2.50 ലക്ഷം രൂപ ചെലവുണ്ട്. 284 വീടുകൾ വീതം 3124 വീടുകളുടെ നിർമ്മാണമാണ് ലക്ഷ്യമിടുന്നത്.

(ബി) ഈ പദ്ധതിയുടെ കേന്ദ്ര വിഹിതം ഉയർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) നാഷണൽ ഫിഷർമെൻ വെൽഫയർ ഫണ്ട് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഭവനത്തിന് ധന സഹായ പദ്ധതി 50% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. വീടൊന്നിന് 50,000 രൂപ എന്നത് ഉയർത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 2012-13 ൽ കേന്ദ്ര സർക്കാർ പരിധി ഉയർത്തിയിട്ടില്ല.

(സി) കേന്ദ്ര വിഹിതത്തിന് പുറമേ അധിക തുക ഭവന പദ്ധതികൾക്ക് ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി) NFWF ന്റെ ധനസഹായ പദ്ധതി (വീടൊന്നിന് 50,000 രൂപ)യും ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നൽകുന്ന സംസ്ഥാന പദ്ധതിയും (വീടൊന്നിന് 2 ലക്ഷം രൂപ) ഏകോപിപ്പിച്ചുകൊണ്ട് 2012-13 സാമ്പത്തിക വർഷത്തിൽ വീടൊന്നിന് 2 ലക്ഷം രൂപ വീതം സംസ്ഥാനത്തുടനീളം 800 വീടനുവദിക്കുന്നതിന് അധികമായ 12 കോടി രൂപ കൂടി 2012-13 സാമ്പത്തിക വർഷം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ